പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2328
12.06.2018 ലെ മറുപടിയ്ക്ക്

## പങ്കാളിത്ത പെൻഷൻ പദ്ധതി

ചോദ്യം :
ശ്രീ. വി. ഡി. സതീശൻ

ഉത്തരം :
ഡോ. തോമസ് ഐസക്ക്
(ബഹു. ധനകാര്യ വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ | പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ഒരു സമിതിയെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| ബി | ഇത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച എക്സ്പേർട്സ് കമ്മിറ്റിയുടെ ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | |
| സി | 01.04.2013 മുതൽ സംസ്ഥാന സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിച്ച ജീവനക്കാരിൽ എത്ര പേരാണ് പ്രസ്തുത പെൻഷൻ പദ്ധതിയുടെ കീഴിൽ വരുന്നത്; | എൻ.എസ്.ഡി.എൽ ലഭ്യമാക്കിയിരിക്കുന്ന ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2018 ഏപ്രിൽ വരെ **71876** സർക്കാർ ജീവനക്കാരാണ് സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിരിക്കുന്നത്. |
| ഡി | ഈ പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാരുടെ വിഹിതമായും സർക്കാർ വിഹിതമായും ഇതുവരെ എത്ര കോടി രൂപ അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ | ജീവനക്കാരുടെ വിഹിതവും തത്തുല്യ സർക്കാർ വിഹിതവും ചേർത്ത് ആകെ 908 കോടി രൂപയാണ് പദ്ധതി പ്രകാരം അടവാക്കിയിരിക്കുന്നത്. |

Sreelatha
സെക്ഷൻ ഓഫീസർ